# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1347 — 20/01/14-ൽ മറുപടിക്ക്

### വിലക്കയറ്റ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിലക്കയറ്റം നിയന്ത്രിക്കാൻ എത്ര കോടി രൂപയാണ് സിവിൽ സപ്ലൈസ് വകുപ്പിന് നൽകിയത്; | എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലായി വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിന് ആകെ 381,27,10,000/- രൂപ അനുവദിക്കുകയും ആയതിൽ 369,37,10,000/- രൂപ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) വില നിയന്ത്രിക്കാനായി ബദൽ സംവിധാനം ഏർപ്പെടുത്തി വില പിടിച്ചു നിർത്താൻ നടപടി സ്വീകരിക്കുമോ? | ബി) പൊതുവിപണിയിലുണ്ടാകുന്ന വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും വിപണിയിൽ ഇടപെടുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷന് ഫണ്ട് അനുവദിക്കുകയും സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ പീപ്പിൾസ് ബസാറുകൾ മുതലായവയിലൂടെ സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.<br>നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം ആവശ്യ സാധനങ്ങൾ |

താഴെ കൊടുത്തിരിക്കുന്ന വിലയിൽ സപ്ലൈകോ വില്പനശാലകൾ വഴി വിറ്റു വരുന്നു.

| ക്രമ നമ്പർ | ഇനം | 2013 ലെ വില കി.ഗ്രാമിന് |
|---|---|---|
| 1. | ചെറുപയർ | 55.00 |
| 2. | ഉഴുന്ന് (ഹോൾ) | 42.00 |
| 3. | വൻകടല | 45.00 |
| 4. | വൻ പയർ | 35.00 |
| 5. | തുവരപ്പരിപ്പ് | 45.00 |
| 6. | മുളക് | 55.00 |
| 7. | മല്ലി | 60.00 |
| 8. | പഞ്ചസാര | 26.00 |
| 9. | ജയ അരി | 21.00 |
| 10. | കുറുവ അരി | 21.00 |
| 11. | മട്ട അരി | 21.00 |
| 12. | പച്ചരി സോർട്ടെക്സ് | 21.00 |
| 13. | വെളിച്ചെണ്ണ | 62.00 |

പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം എന്നിവ ''ശബരി'' എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു. ഗോതമ്പു പൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു. പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, പച്ചരി, ജയ

അരി, കുറുവ അരി) എന്നിവ കി. ഗ്രാമിന് 21 രൂപ നിരക്കിൽ പ്രതിമാസം കാർഡ് 1 ന് 10 കി.ഗ്രാം വരെ വിതരണം ചെയ്തു വരുന്നു.

സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പൊതുവിതരണ ശൃംഖല വഴി കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നു. കൂടാതെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായവ നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് വിലക്കയറ്റം ഉണ്ടാകുന്നത് തടയുന്നതിനും റേഷൻ സാധനങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുമായി കർശന പരിശോധനകളും റെയ്ഡുകളും നടത്തിവരുകയും ക്രമക്കേടുകൾ നടത്തുന്നവർ ക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഉത്സവ സീസണുകളിലും പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഇവയെല്ലാം തന്നെ വിലക്കയറ്റത്തെ ഒരു പരിധി വരെ പിടിച്ചു നിർത്താൻ സഹായിക്കുന്നു.

Beena

**സെക്ഷൻ ഓഫീസർ**

6